REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 28.05.2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യത്തിനെതിരായ നിഴൽ യുദ്ധം ആസൂത്രിത യുദ്ധ തന്ത്രമാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.
- പാക്ക് ഭീകരത ലോകത്തിനു മുന്നിൽ തുറന്നുകാട്ടുന്നത് ലക്ഷ്യമിട്ട് ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ വിദേശ പര്യടനം തുടരുന്നു.
- കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ യോജിച്ച് നടപ്പാക്കുന്ന പദ്ധതികൾ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിലെ പരസ്പര സഹകരണത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാനത്ത് മൂന്ന് ദിവസം കൂടി അതിതീവ്ര മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- സംസ്ഥാനത്ത് ബലി പെരുന്നാൾ അടുത്ത മാസം ഏഴിന്.
- IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, ലക്നൗ സൂപ്പർ ജയന്റ്സിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

രാജ്യത്തിനെതിരായ നിഴൽ യുദ്ധം യഥാർത്ഥത്തിൽ ആസൂത്രിത യുദ്ധ തന്ത്രമാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗുജറാത്ത് ഗാന്ധിനഗറിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

മെയ് 6 ലെ സംഭവങ്ങൾക്ക് ശേഷം, രാജ്യം തീവ്രവാദ പ്രവർത്തനത്തിന് തെളിവ് നൽകേണ്ടതില്ലെന്നും, അതിർത്തിക്കപ്പുറത്ത് നിൽക്കുന്നവർ തന്നെയാണ് ഇപ്പോൾ തെളിവുകൾ നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. കൊല്ലപ്പെട്ട തീവ്രവാദികൾക്ക് പാക്കിസ്ഥാനിൽ സംസ്ഥാന ബഹുമതികൾ നൽകിയിരുന്നുവെന്നും, അവരുടെ ശവപ്പെട്ടിയിൽ ദേശീയ പതാക പുതപ്പിച്ച് പാക്കിസ്ഥാൻ സൈന്യം സല്യൂട്ട് നൽകിയിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇവ ഒറ്റപ്പെട്ട ഭീകര പ്രവർത്തനങ്ങളല്ലെന്നും, ഏകോപിത സൈനിക തന്ത്രത്തിന്റെ ഭാഗമാണെന്നും ഇത് വ്യക്തമായി തെളിയിക്കുന്നതായി അദ്ദേഹം അറിയിച്ചു.

✪✪✪

ഭീകരതയെ പിന്തുണയ്ക്കുന്ന പാകിസ്ഥാന്റെ സമീപനം ലോകത്തിനു മുന്നിൽ തുറന്നുകാട്ടുന്നത് ലക്ഷ്യമിട്ട് ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു. ബിജെപി MP രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിൽ സർവകക്ഷി സംഘം ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കി, ഇന്ന് റോമിലേക്ക് തിരിക്കും. ഇന്നലെ സംഘം ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ ഉന്നത നേതാക്കളുമായി കൂടിക്കാഴ്ച നടത്തി.

DMK എം.പി. കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിൽ സർവകക്ഷി സംഘം സ്ളോവേനിയൻ സന്ദർശനം പൂർത്തിയാക്കി ഗ്രീസിലെത്തി. സ്ലോവേനിയയിൽ സംഘം മുതിർന്ന ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

സമാജ്‌വാദി പാർട്ടിയുടെ രാജീവ് റായ്, നാഷണൽ കോൺഫറൻസിന്റെ മിയാൻ അൽത്താഫ് അഹമ്മദ്, ബി.ജെ.പി.യുടെ ക്യാപ്റ്റൻ ബ്രിജേഷ് ചൗട്ട, ആർ.ജെ.ഡി.യുടെ പ്രേം ചന്ദ് ഗുപ്ത, അംബാസഡർ ജാവേദ് അഷ്‌റഫ് എന്നിവരടങ്ങിയ സംഘം ലാത്വിയയിലും സ്പെയിനിലും സന്ദർശനം നടത്താൻ ഒരുങ്ങുകയാണ്.

കോൺഗ്രസ് MP ശശി തരൂരിന്റെ നേതൃത്വത്തിൽ സർവകക്ഷി സംഘം പനാമയിലെത്തി. JDU എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലെ മറ്റൊരു സർവകക്ഷി സംഘം സിംഗപ്പൂരിലെ വിദേശകാര്യ, ആഭ്യന്തര സഹമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

ഖത്തർ സന്ദർശനം പൂർത്തിയാക്കിയ സുപ്രിയ സുലെ MP യുടെ നേതൃത്വത്തിലെ സംഘം ഇന്നലെ ദക്ഷിണാഫ്രിക്കയിലേക്ക് പുറപ്പെട്ടു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന് 1962-ലെ ചൈന - ഇന്ത്യ യുദ്ധത്തിൽ വീരമൃത്യു വരിച്ച പരംവീര ചക്ര പുരസ്കാര ജേതാവ് സുബേദാർ ജോഗിന്ദർ സിംഗിനെ അനുസ്മരിക്കുന്നു.

ഡെസ്ക് റിപ്പോർട്ട്....

............(വോയ്സ്)............

1962-ലെ ഇന്ത്യ-ചൈന യുദ്ധത്തിൽ അസാമാന്യ ധീരതയും നേതൃത്വപാടവവും പ്രകടിപ്പിച്ച ധീരജവാനായിരുന്നു സുബേദാർ ജോഗീന്ദർ സിംഗ്. NEFA-യിലെ തവാങ് സെക്ടറിൽ, ബും ലാ അക്ഷത്തിലെ ടോങ്പെങ് ലാ പ്രദേശത്തെ ഒരു പ്രധാന സ്ഥാനത്ത് നിലയുറപ്പിച്ച ഒരു പ്ലാറ്റൂണിനെയാണ് അദ്ദേഹം നയിച്ചിരുന്നത്.

1962 ഒക്ടോബർ 20-ന്, മക്മോഹൻ ലൈനിന് കുറുകെ വലിയൊരു ചൈനീസ് സൈനിക മുന്നേറ്റം അദ്ദേഹത്തിന്റെ പ്ലാറ്റൂൺ നിരീക്ഷിച്ചു. ഇത് ആസന്നമായ ഒരു ആക്രമണത്തിന്റെ സൂചനയായിരുന്നു. ഒക്ടോബർ 23-ന് പുലർച്ചെ, 600 ഓളം ചൈനീസ് സൈനികർ പീരങ്കികളും മോർട്ടാർ വെടിയുണ്ടകളും ഉപയോഗിച്ച് വൻ ആക്രമണം അഴിച്ചുവിട്ടു. എണ്ണം കുറവായിരുന്നിട്ടും, സുബേദാർ സിംഗിന്റെ പ്ലാറ്റൂൺ ശക്തമായ പ്രതിരോധം തീർക്കുകയും ആദ്യ ആക്രമണത്തെ വലിയ ശത്രുനാശനഷ്ടങ്ങളോടെ തടയുകയും ചെയ്തു. തുടയിൽ മുറിവേറ്റിട്ടും, പിൻമാറാൻ തയ്യാറാകാതെ അദ്ദേഹം യുദ്ധമുഖത്ത് നിലയുറപ്പിച്ചു. കടുത്ത പോരാട്ടത്തിനൊടുവിൽ നിരവധി ചൈനീസ് സൈനികരെ വധിച്ച ശേഷമാണ് സുബേദാർ ജോഗീന്ദർ സിംഗ് വീരമൃത്യു വരിച്ചത്.

സുബേദാർ ജോഗീന്ദർ സിംഗിന്റെ അസാധാരണമായ ധൈര്യം, നേതൃത്വം, രാജ്യത്തോടുള്ള അർപ്പണബോധം എന്നിവ കണക്കിലെടുത്ത് മരണാനന്തരം പരമോന്നത സൈനിക ബഹുമതിയായ പരംവീര ചക്ര നൽകി അദ്ദേഹത്തെ രാജ്യം ആദരിച്ചു.

✪✪✪

കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ യോജിച്ച് നടപ്പാക്കുന്ന പദ്ധതികൾ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിലെ പരസ്പര സഹകരണത്തിന് ഉത്തമ ദൃഷ്ടാന്തങ്ങളാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 50 കോടി രൂപ ചെലവിൽ ആലുവയിൽ നിർമ്മിക്കുന്ന ഹൈടെക് മാർക്കറ്റ് സമുച്ചയത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ആലുവയിലെയും പരിസര പ്രദേശങ്ങളിലെയും വികസനത്തിനായി കിഫ്ബി വഴി 300 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. പുതിയ മാർക്കറ്റ് സമുച്ചത്തിലേക്കുള്ള റോഡിന്റെ നിർമ്മാണത്തിനായി 10 കോടി രൂപ നീക്കി വെച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. പദ്ധതികൾ തയ്യാറാക്കുന്ന കാര്യത്തിലും അത് നടപ്പാക്കുന്നതിലും കേരളം ഒരു പടി മുന്നിലാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു.

മന്ത്രിമാരായ സജി ചെറിയാൻ, പി രാജീവ് ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക രംഗത്ത് ബൃഹത് സംഭാവനകൾ നൽകി രാജ്യത്തിന്റെ ചരിത്രത്തിൽ ഇടം പിടിച്ച കലാലയമാണ് എറണാകുളം മഹാരാജാസ് കോളേജ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മഹാരാജാസ് കോളേജിന്റെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളും പുതിയ ഓഡിറ്റോറിയവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ദേശീയ പ്രസ്ഥാനങ്ങളുടെ കാലം മുതൽ ഏറെ ശ്രദ്ധയാർജിച്ച കലാലയമാണ് മഹാരാജാസ്. ഖാദി പ്രചാരണം, ഹിന്ദി ഭാഷാ പ്രചാരണം തുടങ്ങിയവയിൽ കോളേജ്, ശ്രദ്ധ പുലർത്തിയിരുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

✪✪✪

കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയവും ദേശീയ കാർഷിക ഗവേഷണ കൗൺസിലും വിവിധ സംസ്ഥാന ഗവൺമെന്റുകളുമായി സഹകരിച്ച് നടപ്പിലാക്കുന്ന വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ നാളെ കാസർഗോട്ട് ആരംഭിക്കും. ജൂൺ 12 വരെ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ക്യാമ്പയിനിൽ കാർഷിക ശാസ്ത്രജ്ഞരും കൃഷി ഉദ്യോഗസ്ഥരും കർഷകരെ നേരിൽ കാണുകയും കൃഷി മെച്ചപ്പെടുത്താൻ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യും.

✪✪✪

സംസ്ഥാനത്ത് വരുന്ന മൂന്ന് ദിവസങ്ങളിൽ കൂടി അതിതീവ്ര മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഒഡീഷ തീരത്തോടു ചേർന്ന് ബംഗാൾ ഉൾക്കടലിൽ മറ്റൊരു ന്യൂനമർദം കൂടി രൂപപ്പെടുകയും പടിഞ്ഞാറൻ കാറ്റ് കേരളത്തിന് മുകളിൽ ശക്തി പ്രാപിക്കാൻ സാധ്യതയേറുകയും ചെയ്തതോടെയാണിത്. കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്.

പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്.

തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശവും നൽകി.

✪✪✪

കനത്ത മഴയും ശക്തമായ കാറ്റും തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇന്നും വിവിധ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കലക്ടർമാർ അവധി പ്രഖ്യാപിച്ചു.

ഇടുക്കിയിൽ മദ്രസകൾ, ട്യൂഷൻ സെന്ററുകൾ, ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല.

കോഴിക്കോട് ജില്ലയിൽ ഇന്ന് സ്കൂളുകൾ, അങ്കണവാടികൾ, മദ്രസകൾ, ട്യൂഷൻ സെന്ററുകൾ എന്നിവ പ്രവർത്തിക്കില്ല.

വയനാട് ജില്ലയിൽ ട്യൂഷൻ സെന്ററുകൾ, മദ്രസകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കാണ് അവധി. റസിഡൻഷ്യൽ സ്കൂളുകൾക്കും റസിഡൻഷ്യൽ കോളേജുകൾക്കും അവധി ബാധകമല്ലെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

ഇടുക്കിയിൽ ഇന്നലെ 12 വീടുകൾ ഭാഗീകമായി തകർന്നു. നാല് ദിവസത്തിനിടെ ഇടുക്കിയിൽ ആകെ 25 വീടുകളാണ് തകർന്നത്. മൂന്നാർ മൗണ്ട് കാർമൽ പാരീഷ് ഹാളിൽ തുറന്ന ദുരിതാശ്വാസ ക്യാമ്പിലേക്ക് ആറ് കുടുംബങ്ങളിലെ മൂന്ന് കുട്ടികളടക്കം 22 പേരെ മാറ്റി പാർപ്പിച്ചു.

✪✪✪

പത്തനംതിട്ട മൂഴിയാർ ഡാമിന്റെ ഒരു ഷട്ടർ 5 സെന്റീമീറ്റർ തുറന്നതിനാൽ കക്കാട്ടാറിന്റെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശം നൽകി. ഒരു സാഹചര്യത്തിലും നദിയിൽ ഇറങ്ങരുത്.

തുറന്നു വിടുന്ന ജലം മൂലം ആങ്ങമൂഴി, സീതത്തോട് തുടങ്ങിയ സ്ഥലങ്ങളിൽ നദിയിൽ ജലനിരപ്പ് ഉയരാനിടയുണ്ടെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

കണ്ണൂർ ജില്ലയിൽ ഇതുവരെ 101.47 ഹെക്ടർ ഭൂമിയിലായി നാലര കോടിയോളം രൂപയുടെ കൃഷി നാശം സംഭവിച്ചതായി കൃഷിവകുപ്പ് അറിയിച്ചു. 4,619 കർഷകരെയാണ് മഴക്കെടുതി ബാധിച്ചത്. പേരാവൂർ, പയ്യന്നൂർ ബ്ലോക്കുകളിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തത്.

✪✪✪

മഴക്കെടുതിയുമായി ബന്ധപ്പെട്ട എല്ലാ മുന്നൊരുക്കങ്ങളും കാര്യക്ഷമമമായി നടത്താൻ മന്ത്രി PA മുഹമ്മദ് റിയാസ് വിളിച്ച യോഗത്തിൽ തീരുമാനമായി. കോർപ്പറേഷൻ മേഖലാ തലത്തിൽ ഉൾപ്പെടെ എല്ലാ തദ്ദേശ ഭരണ പരിധിയിലും കൺട്രോൾ റൂം ഉടൻ ആരംഭിക്കും.

✪✪✪

കോഴിക്കോട് ജില്ലയിൽ ആരംഭിച്ച നാല് ദുരിതാശ്വാസ ക്യാമ്പുകളിൽ 44 കുടുംബങ്ങളിലെ 151 പേരാണ് കഴിയുന്നത്.

രാമനാട്ടുകര വില്ലേജിലെ മൂർക്കനാട് റോഡിൽ KSEB യുടെ EHT Tower സ്ഥാപിച്ച സ്ഥലത്തിന്റെ ഒരു ഭാഗത്ത് മണ്ണിടിഞ്ഞ് റോഡിലേക്ക് വീണു. ഇന്നലെ വടകരയിൽ വിവിധ ഇടങ്ങളിൽ മരം വീണു.

✪✪✪

സംസ്ഥാനത്ത് ബലിപെരുന്നാൾ അടുത്ത മാസം ഏഴിന് ശനിയാഴ്ചയായിരിക്കുമെന്ന് വിവിധ ഖാസിമാർ അറിയിച്ചു. ദുൽഖഅ്ദ് 29 ആയ ഇന്നലെ ദുൽഹിജ്ജ മാസപ്പിറവി കണ്ടതായി വിശ്വസനീയ വിവരം ലഭിക്കാത്തതിനാൽ ദുൽഹിജ്ജ ഒന്ന് നാളെയായിരിക്കുമെന്ന് സംയുക്ത മഹല്ല് ജമാഅത്ത് ഖാസി കാന്തപുരം AP അബുബക്കർ മുസ്ലിയാർ, സയ്യിദ് സ്വാദിഖ് അലി ശിഹാബ് തങ്ങളുടെ പ്രതിനിധി സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, കേരള ഹിലാൽ കമ്മിറ്റി ചെയർമാർ P.P ഉണ്ണീൻ കുട്ടി മൗലവി തുടങ്ങിയവർ അറിയിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ പ്രവർത്തിക്കുന്ന ഹജ്ജ് ക്യാമ്പ് ഇന്ന് രാത്രി സമാപിക്കും. തീർഥാടകരുമായി അവസാന വിമാനം നാളെ പുലർച്ചെ 12.45-ന് പുറപ്പെടും.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗവിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, ലക്നൗ സൂപ്പർ ജയന്റ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

നാളെ ഒന്നാം ക്വാളിഫയറിൽ റോയൽ ചലഞ്ചേഴ്സ് ബംഗലൂരു, പഞ്ചാബ് കിംഗ്സിനെ നേരിടും.

✪✪✪

സാധാരണ ജനങ്ങളും ആദിവാസി ഗോത്ര സമൂഹവും പ്രധാനമായി ആശ്രയിക്കുന്ന കോതമംഗലം താലൂക്ക് ആശുപത്രി ആധുനിക സൗകര്യങ്ങളിലേക്കുള്ള മാറ്റത്തിന്റെ പാതയിലാണെന്ന് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ആശുപത്രിയിലെ നവീകരിച്ച ഓപ്പറേഷൻ തീയേറ്ററും ലേബർ റൂമും, ലാബും, പുതിയ വെബ്സൈറ്റും ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ഭാഗ്യക്കുറി സമ്മാന ഘടനയിൽ ഏജന്റുമാർക്കും, വിൽപ്പനക്കാർക്കും, പൊതുജനങ്ങൾക്കും പ്രയോജനകരമായ വിധത്തിൽ മാറ്റങ്ങൾ വരുത്തുമെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. അയ്യായിരത്തിന്റെ സമ്മാനങ്ങൾ വർദ്ധിപ്പിക്കും. രണ്ടായിരം രൂപയുടെ സമ്മാനം പുന:സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇരുന്നൂറ് രൂപയുടെ സമ്മാനം തിരികെ കൊണ്ടു വരുമെന്നും മന്ത്രി പറഞ്ഞു.

ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

---

*News Reader: അനുഷ ആത്മപ്രകാശ്*
*News Team:സയ്യിദ് അലി ശിഹാബ്, രജിന കെ ആസാദ്*
*DEO: ഷീബ*